


# GHS ODAPPALLAM

Valluvadi Po,Sulthan Bathery

ghsodappallam@gmail.com, ghsodappallam.blogspot.com

Digital Magazine 2020

ആയിരങ്ങൾക്ക്
അറിവിന്റെ വെളിച്ചം
പകർന്ന്
ഓടപ്പള്ളം ഗവ.ഹൈസ്കൂൾ
ആറു പതിറ്റാണ്ടിലേറെ കാലം
മികവിന്റെ പാതയിൽ
മുന്നോട്ട്



# സന്ദേശം

പ്രിയപ്പെട്ട കുട്ടികളെ,

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അവരുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാസികപുറത്തിറക്കുന്ന എന്നതിൽ അതിയായസന്തോഷമുണ്ട്. അണിയറ പ്രവർത്തകർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

സുരാജ്  നടുക്കണ്ടി
ഹെഡ്മാസ്റ്റർ

## മുകുളങ്ങൾ വിരിയുമ്പോള്

വയനാടിന്റെ കഥ.......7
വയനാട് - മണ്ണും മനുഷ്യരും.......12
വയനാട്ടിലെ കാർഷിക വിളകൾ.......14
വയനാടും സാഹിത്യവും.......19
വയനാടൻ വിസ്മയങ്ങൾ.......24
വെന്തെരിഞ്ഞ സ്വപ്നങ്ങൾ.......29
മഴ.......33
എന്റെ പറമ്പ്.......34
“THE LAZY DONKEY”.......35
ഓർമയിൽ ഒരു പഠനയാത്ര.......36
.......37
.......37
മരം ഒരു വരം.......38
തണൽ.......39
പറക്കുന്ന തവള.......40
കാത്തിരുന്ന കാഴ്ച.......41
കാട്.......42
അമ്മയാണീ ഭൂമി.......43
പഴഞ്ചൊല്ലുകൾ.......44
മാരുതൻ.......45
സിംഹരാജാവിന്റെ പിറന്നാൾ.......46
Proverbs.......47
THE SUPER HEROES IN THE.......48
OCEAN HUMANITY.......48


# വയനാടിനെ അറിയാം

സമഗ്രശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ നടന്ന സാംസ്കാരിക വിനിമയ പരിപാടി **വിനിമയം 2019** ന്റെ ഭാഗമായി ഓടപള്ളം ഗവ. ഹൈസ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയത്....

1 വയനാടിന്റെ കഥ
2 വയനാട് – മണ്ണും മനുഷ്യരും
3 വയനാട്ടിലെ കാർഷിക വിളകൾ
4 വയനാട്ടും സാഹിത്യവും
5 വയനാടൻ വിസ്മയങ്ങൾ

# വയനാടിന്റെ കഥ

വയനാടിന്റെയും വയനാട്ടിലെ മനുഷ്യരുടെയും കഥ തുടങ്ങുന്നത് ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പാണ്. പ്രാചീന ശിലായുഗം മുതലേ വയനാട്ടിൽ ജനങ്ങൾ താമസിച്ചിരുന്നു.




ക്രിസ്തുവിനു 10,000 വർഷം മുമ്പ് മുതൽ 4,000 വർഷം മുമ്പ് വരെയുണ്ടായിരുന്ന ചെറു ശിലായുഗക്കാലത്ത് വയനാട്ടിലെ എടക്കൽ ഗുഹയിലും പരിസരപ്രദേശങ്ങളിലും പ്രാചീനർ താമസിച്ചിരുന്നു. അവർ ഗുഹാഭിത്തികളിൽ കോറിയിട്ട ചിത്രങ്ങൾ ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. ലോകത്തെ അതി പ്രാചീന ഗുഹകളിലൊന്നായ **എടക്കൽ ഗുഹ** കണ്ടെത്തിയത് ബ്രിട്ടീഷുകാരനായ **എഫ്. ഫോസെറ്റ്** ആണ് .

ക്രിസ്തുവിനു മുമ്പ് മൂന്നാം നൂറ്റാണ്ടു മുതൽ എ.ഡി ഒന്നാം നൂറ്റാണ്ടു വരെയുള്ള കാലത്ത് നിലനിന്ന മഹാശിലായുഗ കാലത്തെ ജനങ്ങളുടെ സംസ്കാരത്തിന്റെ ശേഷിപ്പുകളും

വയനാട്ടിലെ തൊവരിമല, കൃഷ്ണഗിരി തുടങ്ങിയ സ്ഥലങ്ങളിൽ കാണാം. അക്കാലത്തെ ശവക്കല്ലറകളും ഉപകരണങ്ങളും ഈ പ്രദേശങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്.
എ. ഡി അഞ്ചാം നൂറ്റാണ്ടുവരെ വയനാട് ഭരിച്ച പുരാതന രാജവംശമായിരുന്നു **വേടരാജവംശം.** അരിപ്പനും വേടനുമായിരുന്നു ഈ രാജവംശത്തിലെ അവസാന രാജാക്കന്മാർ.

എ. ഡി 9 മുതൽ 12 വരെയുള്ള നൂറ്റാണ്ടുകളിൽ വയനാട് ചേരരാജാക്കന്മാരു**ടെ** കീഴിലായിരുന്നു. ' **പുറൈക്കിഴി നാട്** ' എന്നാണ് അക്കാലത്ത് വയനാട് അറിയപ്പെട്ടിരുന്നത്.

മധ്യകാലത്ത് വയനാട് കോട്ടയം രാജവംശത്തിന്റെ ഭരണത്തിലായി. മാനന്തവാടി ആസ്ഥാനമാക്കി ഭരിച്ച ഈ രാജവംശത്തിലെ ഭരണാധികാരിയായിരുന്നു കേരളവർമ പഴശ്ശിരാജാവ്.

വയനാടിന്റെ പേരിനും ഒരു ചരിത്രമുണ്ട്. വയലുകളുടെ നാടായ
' **വയൽ നാട്** ' ആണ് വയനാടായി മാറിയതെന്നു പറയപ്പെടുന്നു. സംസ്കൃതത്തിൽ ' **മയക്ഷേത്ര**' എന്നറിയപ്പെട്ടിരുന്ന എന്നും ഈ പേരിന്റെ മലയാളരൂപമായ '**മയനാട്** 'ൽ നിന്നാണ് എന്ന പേരു വന്നതെന്നും മറ്റൊരു ഐതിഹ്യമുണ്ട്.

പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണാടകയിൽ നിന്ന് ജൈനമതക്കാർ വയനാട്ടിലെത്തി. ഇന്നത്തെ സുൽത്താൻ ബത്തേരി ' **ഹൊന്നരഡുബീദി** ' എന്നറിയപ്പെടുന്ന ജൈനമത കേന്ദ്രമായിരുന്നു. '**പന്ത്രണ്ടുതെരുവുകൾ**' എന്നാണ് ഈ പേരിനർത്ഥം. ഇന്നും ജൈനമതക്കാർ ഏറ്റവുമധികം കാണപ്പെടുന്ന ജില്ല വയനാടാണ്. ബത്തേരിയിലും നടവയലിലും പനമരത്തുമെല്ലാം പുരാതന ജൈനക്ഷേത്രങ്ങൾ കാണാം.

1786 ൽകോട്ടയം രാജാവും ടിപ്പു സുൽത്താനും തമ്മിലുള്ള ഉടമ്പടി പ്രകാരം വയനാട് ടിപ്പുവിന് ലഭിച്ചു .

1799 ൽ ടിപ്പു സുൽത്താന്റെ മരണശേഷം വയനാടിനായി പഴശ്ശി രാജാവും ബ്രിട്ടീഷുകാരും തമ്മിൽ പോരാട്ടം നടന്നു. വയനാട്ടിലെ ആദിവാസികളുമായി ചേർന്ന് പഴശ്ശിരാജാവ് ബ്രിട്ടീഷുകാർക്കെ തിരെ **ഗറില്ലായുദ്ധം** നയിച്ചു.

1805 നവംബർ 30 ന് മലബാർ സബ് കളക്ടർ ടി. എച്ച്. ബാബറുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പട്ടാളവുമായുള്ള ഏറ്റുമുട്ടലിൽ പുൽപള്ളിയിലെ മാവിലാന്തോട്ടിൽ വച്ച് പഴശ്ശി രാജാവ് വീരചരമം പ്രാപിച്ചു.

പഴശ്ശിയുടെ മരണശേഷം 1812 ൽ വയനാട്ടിലെ ആദിവാസികൾ ബ്രിട്ടീഷുകാർക്കെതിരിൽ നടത്തിയ **കുറിച്യർ കലാപം** ഇന്ത്യയിൽ തന്നെ ആദിവാസികളുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യത്തെ സംഘടിത കലാപമാണ്.

മൈസൂർ രാജാക്കന്മാരായ ടിപ്പു സുൽത്താൻ, ഹൈദരലി എന്നിവരുടെ കാലത്താണ് വയനാട്ടിലെ പ്രധാന റോഡുകൾ നിർമിക്കപ്പെട്ടത്. താമരശ്ശേരി ചുരം വഴി വയനാട്ടിലൂടെ മൈസൂരിലേക്കുള്ള റോഡ് നവീകരിച്ചത് ബ്രിട്ടീഷ് കമാണ്ടറായ ആർതർ വെല്ലസ്ലിയാണ്.






ബ്രിട്ടീഷുകാർക്ക് വയനാടൻ മലനിരകളുടെ മുകളിലേക്ക് വഴി കാണിച്ചത് **കരിന്തണ്ടൻ** എന്ന ആദിവാസി യുവാവാണെന്നും അദ്ദേഹത്തെ ബ്രിട്ടീഷുകാർ തന്നെ വധിച്ചുവെന്നും ഐതിഹ്യമുണ്ട്.

കരിന്തണ്ടന്റെ ആത്മാവ് പിന്നീട് ആ വഴി പോകുന്ന യാത്രക്കാരെ ആക്രമിച്ചുവെന്നും പിന്നീട് ഈ ആത്മാവിനെ ചുരത്തിലുള്ള മരത്തിലെ ചങ്ങലയിൽ ബന്ധിച്ചുവെന്നുമാണ് കഥ. ഈ '**ചങ്ങലമരം**' സഞ്ചാരികൾ സന്ദർശിക്കാറുണ്ട്.

ബ്രിട്ടീഷുകാർ വയനാട്ടിലെ കാടുകൾ വെട്ടിത്തെളിച്ച് മരങ്ങൾ കൊണ്ടുപോയി. വ്യാപകമായി കാടുവെട്ടി തേക്കിൻ തോട്ടങ്ങൾ പിടിപ്പിച്ചത് ബ്രിട്ടീഷുകാരാണ്. വയനാട്ടിൽ കാപ്പി, തേയില എന്നിവ നട്ടുപിടിപ്പിച്ചതും ബ്രിട്ടീഷുകാരാണ്.

കേരളപ്പിറവിക്ക ശേഷം വടക്കൻ വയനാട് കണ്ണൂർ ജില്ലയുടെയും തെക്കേ വയനാട് കോഴിക്കോട് ജില്ലയുടെയും ഭാഗമായിരുന്നു.

**1980 നവംബർ 1** നാണ് വടക്കേ വയനാട്, തെക്കേ വയനാട് എന്നിവ ചേർന്ന് ഇന്നത്തെ വയനാട് ജില്ല രൂപീകരിക്കപ്പെട്ടത്.

# വയനാട് - മണ്ണും മനുഷ്യരും



കേരളത്തിലെ പന്ത്രണ്ടാമത്തെ ജില്ലയായി 1980 നവംബർ 1 ന് വയനാട് ജില്ല നിലവിൽ വന്നു. വയനാടിന്റെ വിസ്തൃതി 2131 ചതുരശ്ര കിലോമീറ്ററാണ്. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരം 2300 അടി (700 മീറ്റർ) ആണ്. കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്നു. ഇതിന്റെ മറ്റതിരുകൾ കേരളത്തിലെ കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളാണ്. തമിഴ്നാട്ടിലെ മുതുമല വന്യജീവി സങ്കേതവും കർണാടകയിലെ ബന്ദിപൂർ സങ്കേതവും വയനാട് വന്യജീവി സങ്കേതവുമായി അതിർത്തി പങ്കിടുന്നു. 38 % വും വനപ്രദേശമാണ്. ജനസംഖ്യയും ജനസാന്ദ്രതയും ഏറ്റവും കുറവുള്ള ജില്ല കൂടിയാണ് വയനാട്.

ജില്ലാ ആസ്ഥാനം – കല്പറ്റ

ഡക്കാൻ പീഠഭൂമിയുടെ തെക്കേ അറ്റത്താണ് വയനാട് സ്ഥിതി ചെയ്യുന്നത്. വയനാടിന്റെ പ്രധാന പ്രത്യേകത പശ്ചിമഘട്ട മലനിരകളാണ്. ഡക്കാൻ പീഠഭൂമിയുടെ പടിഞ്ഞാറെ അതിരിലൂടെ അറബിക്കടലിനു സമാന്തരമായി സ്ഥിതി ചെയ്യുന്ന പർവത നിരയാണ് പശ്ചിമഘട്ടം. സഹ്യാദ്രി, സഹ്യപർവതം എന്നീ പേരുകളിലും അറിയപ്പെടുന്നു.

ഇടതൂർന്ന വനങ്ങളും താഴ് വരകളും നിറഞ്ഞ ഇവ ഒരു ജൈവവൈവിധ്യ മേഖലയാണ്.

വയനാട്ടിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ചെമ്പ്ര കൊടുമുടിയാണ്. 2100 മീറ്റർ ഉയരമുള്ള ഈ കൊടുമുടി ഒരു വിനോദസഞ്ചാര മേഖല കൂടിയാണ്. ഇതിന്റെ മുകളിൽ 'ഹൃദയസരസ്സ് ' എന്ന തടാകം സ്ഥിതി ചെയ്യുന്നു.
ചാലിയാർ കബനി എന്നീ നദികളുടെ വൃഷ്ടി പ്രദേശം കൂടിയാണ് ഈ മലനിരകൾ.

വയനാട് ജില്ലയുടെ പ്രവേശന കവാടമാണ് ലക്കിടി. ദക്ഷിണേന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാമിത്. തണുപ്പാർന്ന കാലാവസ്ഥയാണ് വയനാടിനുള്ളത്. ഇവിടുത്തെ തണുപ്പ് $29\frac{1}{2}^{0}$ ൽ നിന്ന് $18^{0}$ വരെ താഴാറുണ്ട്.

ഇവിടെ ഭൂരിഭാഗവും കുടിയേറ്റ ജനവിഭാഗമാണ്. വ്യത്യസ്ത മതവിഭാഗങ്ങൾ ഇവിടെ കുടിയേറിപ്പാർത്തവരിൽ പെടുന്നു. ഇവിടുത്തെ ആദിവാസി വിഭാഗമാണ് പണിയർ, കാട്ടുനായ്ക്കർ, കുറുമർ, കുറിച്യർ തുടങ്ങിയവർ. കർണാടകയുമായി അതിർത്തി പങ്കിടുന്നതിനാൽ കന്നട സ്വാധീനം കാണാനാവും.

വയനാട്ടിലെ പ്രധാന നദികൾ കബനി നദി, പനമരംപുഴ, മാനന്തവാടി പുഴ, ബാവലി പുഴ എന്നിവയാണ്. കിഴക്കോട്ട് ഒഴുകുന്ന നദിയാണ് കാവേരിയുടെ കൈവഴിയായ കബനി. കബനിയുടെ കൈവഴികൾ സൃഷ്ടിച്ചതാണ് കുറുവാ ദ്വീപ്. ഇത് വിനോദ സഞ്ചാര കേന്ദ്രവും ഒരു ജൈവവൈവിധ്യ മേഖലയുമാണ്. കബനിയുടെ കൈവഴിയായ കരമനത്തോടിനു കുറുകെ നിർമിച്ച ബാണാസുരസാഗർ അണക്കെട്ട് ഏഷ്യയിലെ വലിയ രണ്ടാമത്തെ മണ്ണുകൊണ്ട് നിർമിച്ച അണക്കെട്ടാണ്.



# വയനാട്ടിലെ കാർഷിക വിളകൾ

വയനാട്ടിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. നെല്ല്, മരച്ചീനി, വാഴ, റബ്ബർ, നാളികേരം, തേയില, കാപ്പി, കുരുമുളക്, കവുങ്ങ്, ഏലം തുടങ്ങിയ മിക്ക കൃഷികളും വയനാട്ടിലുണ്ട്. എന്നാൽ ഭക്ഷ്യവിളകളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഈ കൊച്ചു നാടിനു കഴിഞ്ഞിട്ടില്ല.

**ധാന്യങ്ങൾ**

നെല്ല്, ചോളം,ചാമ, എന്നിവയാണ് പ്രധാനമായും ഉല്പാദിപ്പിക്കുന്നത്. പുഞ്ച, നഞ്ച തുടങ്ങി പല രീതിയിലുള്ള നെൽ കൃഷികളും ഇവിടെ നടത്താറുണ്ട്. മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് അധികവും. പല തരത്തിലുള്ള നെൽ വിത്തിനങ്ങളും കൃഷിക്കായി ഉപയോഗിക്കാറുണ്ട്.

**ചോളം**

വ്യാപകമായ രീതിയിൽ കൃഷി ചെയ്യുന്നില്ല. ഇതിന്റെ ഉല്പാദനം ഏറെക്കുറെ അന്യം നിന്നു വരികയാണ്.

**ചാമ**



കുടിയറ്റ കർഷകരായിരുന്ന വയനാടൻ ജനതയുടെ പ്രധാന ഭക്ഷ്യോൽപന്നമായിരുന്നു ചെറു ധാന്യങ്ങളുടെ

കൂട്ടത്തിൽ വളരെ പ്രധാനപ്പെട്ട ഒരിനമായ ചാമ.പല രോഗങ്ങൾക്കും ഉത്തമ ഔഷധമാണ്.
വയനാട്ടിൽ ഇന്ന് ചാമകൃഷി നന്നേ കുറഞ്ഞിരിക്കുന്നു.

**പയർ വർഗങ്ങൾ**

ഉഴുന്ന് , മുതിര, ചെറുപയർ തുടങ്ങിയ പയർ വർഗങ്ങൾ ഇന്നും ചിലയിടങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. ചുരക്ക, പടവലങ്ങ, മത്തൻ, കുമ്പളങ്ങ തുടങ്ങിയവ ഇവിടെ കൃഷി ചെയ്തു വരുന്നു.

**പഴവർഗങ്ങൾ**

വാഴ, കശുമാങ്ങ, മാങ്ങ, പേരയ്ക്ക, ചെറുനാരങ്ങ, പപ്പായ, കൈതച്ചക്ക, എന്നിവയെല്ലാം ഇവിടെ കൃഷി ചെയ്തുവരുന്നു.

**സുഗന്ധ വിളകൾ**

മഞ്ഞൾ, കുരുമുളക്, ഏലം, ജാതിക്ക, ഇഞ്ചി തുടങ്ങിയ സുഗന്ധ വിളകൾ ഇവിടെ കൃഷി ചെയ്തു വരുന്നു.





**ഔഷധ സസ്യങ്ങൾ**

ശതാവരി, കുറുന്തോട്ടി, കരിങ്ങാലി, കീഴാർനെല്ലി, കറ്റാർ വാഴ, സർപ്പഗന്ധി, ആടലോടകം തുടങ്ങിയവ ഇവിടെ സുലഭമാണ്.
തേങ്ങ, എള്ള് തുടങ്ങിയ **എണ്ണവിളകളും** തേയില, കാപ്പി, കൊക്കോ തുടങ്ങിയ **പാനീയ വിളകളും** ഇവിടെ കൃഷി ചെയ്യുന്നു.
കമുക്, വെറ്റില, റബ്ബർ, കരിമ്പ് തുടങ്ങിയവയും കൃഷി ചെയ്യുന്നു.

## ഭക്ഷ്യയോഗ്യമായ വന്യ ഇല വർഗ  സസ്യങ്ങൾ

ഭക്ഷ്യയോഗ്യമായ ധാരാളം ഇലച്ചെടികൾ വയനാടിന്റെ ഒരു  പ്രത്യേകതയാണ്. ഭക്ഷ്യയോഗ്യമായ 50 ൽ പരം ഇലച്ചെടികൾ ഇവിടെയുണ്ട്. ചോരച്ചീര, മുള്ളൻചീര, ചുരുളി,കുപ്പച്ചീര, ക്രുമ്പിച്ചപ്പ്, കോഴിവാലൻ  ചപ്പ്, പൊന്നാംകണ്ണി, മുത്തിൾ, കൊല്ലിച്ചേമ്പ്, വയൽത്താള്, തവര, കാന്താരിച്ചപ്പ്, പുളിയാറില, മുഴൽച്ചെവി, തഴുതാമ, കാട്ടുപാവൽ തുടങ്ങിയവ ഇതിൽ ചിലതാണ്.

## കിഴങ്ങു വർഗങ്ങൾ




ചുവപ്പ് കാച്ചിൽ



കുഴിക്കാവിത്ത്



നീണ്ടി കാച്ചിൽ



മുള്ളൻ കിഴങ്ങ്

**നാടൻ കാച്ചിലിനങ്ങളായ** ചുവപ്പു കാച്ചിൽ, ഇഞ്ചിക്കാച്ചിൽ, ഇറച്ചിക്കാച്ചിൽ, നീണ്ടിക്കാച്ചിൽ, ഉരുളൻ കാച്ചിൽ, കുഴിക്കാവിത്ത്, വാഴവടക്കൻ കാച്ചിൽ, കൊള്ളിക്കാച്ചിൽ, ചെറു കിഴങ്ങ്, മുള്ളൻ കിഴങ്ങ്, നാടൻ **ചേമ്പിനങ്ങളായ** പാൽ ചേമ്പ്, മക്കളെ പോറ്റി, കരിംചേമ്പ്, മലരാമൻ ചേമ്പ്, നീലച്ചേമ്പ്, താമരക്കണ്ണൻ, നനച്ചേമ്പ്, ചെറുചേമ്പ്, ഇയ്യൽ ചേമ്പ്,വെട്ടു ചേമ്പ്, കുഴി നിറയൻ ചേമ്പ് തുടങ്ങിയവയും **ചേന**യും വയനാട്ടിൽ സുലഭമായി കൃഷി ചെയ്യുന്നു.

# വയനാടും സാഹിത്യവും

വയനാടും വയനാട്ടിലെ ജനങ്ങളും നൂറ്റാണ്ടുകൾക്കു മുൻപേ സാഹിത്യകൃതികളിൽ ഇടം നേടിയിരുന്നു. വയനാടിനെയും ഇവിടത്തെ ജനജീവിതത്തെപ്പറ്റിയും എഴുതപ്പെട്ട കൃതികൾക്കു പുറമേ, വയനാട്ടുകാർ രചിച്ച നിരവധി കൃതികളുമുണ്ട്.
ചില പുസ്തകങ്ങൾ പരിചയപ്പെടാം.

**വിഷകന്യക**
**– എസ്.കെ.പൊറ്റെക്കാട്ട്**




തിരുവിതാംകൂറിൽ നിന്ന് കൃഷി ചെയ്യാൻ ഭൂമിയന്വേഷിച്ച് വരുന്ന ഒരു വിഭാഗത്തിന്റെ കഥയാണിത്. പ്രകൃതിയോട് മല്ലിട്ട് ജിവിക്കാൻ കഷ്ടപ്പെടുന്ന ഒരു വിഭാഗത്തിന്റെ കഥയാണിത്. ആകർഷിച്ച് വരുത്തി ചോരയും നീരും ഊറ്റിക്കുടിക്കുന്ന വിഷകന്യകയായാണ് വയനാടൻ ഭൂമിയെ ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്.

**നെല്ല്, കുമൻകൊല്ലി**
**–പി.വത്സല**

വയനാട് പശ്ചാത്തലമാക്കി, ഗോത്രവിഭാഗങ്ങളുടെ ജീവിതകഥ പറയുന്ന രണ്ട് കൃതികളാണ് പി.വത്സല രചിച്ച നെല്ല്, കുമൻകൊല്ലി എന്നിവ. നെല്ല് പിന്നീട് രാമു കര്യാട്ട് ഇതേ പേരിൽ സിനിമയാക്കിയിട്ടുണ്ട്.

**മാവേലിമൻറം**
**– കെ.ജെ.ബേബി**

പാർശ്വവൽക്കരിക്കപ്പെട്ട വയനാടൻ ഗോത്രജനതയുടെ വേദനകളും ആഘോഷങ്ങളും പ്രണയവുമെല്ലാം പശ്ചാത്തലമാക്കി രചിക്കപ്പെട്ട കൃതിയാണിത്. കൈപ്പാടൻ എന്ന അടിമയുടെ ജീവിതത്തിലൂടെ കഥയുടെ ഇതൾ വിരിയുന്നു.

**കേരളത്തിലെ ആഫ്രിക്ക**
**–കെ.പാനൂർ**

ആഫ്രിക്കയിലെ അടിമകളേക്കാൾ ദുരിതം നിറഞ്ഞ ജീവിതം നയിച്ച വയനാട്ടിലെ ആദിമഗോത്ര ജീവിതങ്ങളെപ്പറ്റി ഇതിൽ വിവരിക്കുന്നു. വള്ളിയൂർക്കാവിൽ നടന്നു വന്നിരുന്ന അടിമക്കച്ചവടം, ആദിവാസികളനുഭവിച്ചിരുന്ന ചൂഷണം – എല്ലാം ഇവിടെ വായിച്ചറിയാം.

**വയനാട് – ജനങ്ങളും പാരമ്പര്യവും**

ഒരു നൂറ്റാണ്ടു മുമ്പ് വയനാട്ടിൽ ജീവിച്ചിരുന്ന ജനവിഭാഗങ്ങളെപ്പറ്റി അന്നത്തെ മലബാർ ഡെപ്യൂട്ടി കലക്ടറായിരുന്ന **റാവു ബഹാദൂർ സി. ഗോപാലൻ നായർ** രചിച്ചതാണീ പുസ്തകം. വയനാട്ടിലെ പ്രധാന ഗോത്രവിഭാഗങ്ങളുടെ ഉൽഭവത്തെപ്പറ്റി ഇതിൽ പരാമർശമുണ്ട്.

Paniyas of Wayanad

വയനാട്ടിലെ ആദിമഗോത്രവിഭാഗങ്ങളിലൊന്നായ പണിയരുടെ ചരിത്രവും ജീവിതവുമാണ് ഈ കൃതിയിൽ

പഠനവിധേയമാക്കുന്നത്. **സന്ധ്യ രശ്മി**യാണ് ഈ കൃതി രചിച്ചിരിക്കുന്നത്.

**ജേന്, നായം**

വയനാട്ടിലെ ഗോത്രവിഭാഗങ്ങളായ കാട്ടുനായ്ക്കരുടെയും പണിയരുടെയും ഭാഷകളെപ്പറ്റി **വയനാട് ഡയറ്റ്** തയ്യാറാക്കിയ പുസ്തകമാണിത്. ഗോത്രഭാഷാ പദങ്ങൾ മനസ്സിലാക്കാൻ ഇതിലൂടെ സാധിക്കും.

**മലബാർ മാന്വൽ**

മലബാറിലെ ഭരണാധികാരിയും ജഡ്ജിയുമായിരുന്ന **വില്യം ലോഗൻ** എഴുതിയ ഈ പുസ്തകത്തിൽ വയനാടുൾപ്പെടെയുള്ള മലബാർ പ്രദേശത്തിന്റെ ചരിത്രം, ഭൂമിശാസ്ത്രം, സസ്യജാലങ്ങൾ തുടങ്ങിയ നിരവധി കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

**ഗ്ദൾ, മുള്ളാത്തിക്കുട്ടി**

വയനാട്ടിലെ പ്രമുഖ എഴുത്തുകാരിലൊരാളായിരുന്ന **ടി.സി.ജോൺ** എഴുതിയ നോവലുകളാണ് ഗ്ദൾ, മുള്ളാത്തിക്കുട്ടി എന്നിവ. വയനാടൻ ഗ്രാമീണ പശ്ചാത്തലത്തിലാണ് ഈ കൃതികൾ രചിക്കപ്പെട്ടിരിക്കുന്നത്.

**വയനാടൻ രാമായണം**
**–ഡോ. അസീസ് തരുവണ**

രാമായണത്തിന്റെ വാമൊഴി പാരമ്പര്യം എങ്ങനെയെല്ലാം വയനാട്ടിൽ നില നിന്നിരുന്നും എന്ന് ഈ കൃതി പരിശോധിച്ചാൽ കാണാം. വയനാടൻ രാമായണത്തിൽ രാമനും സീതയുമെല്ലാം വയനാട്ടിലെ ആദ്യകാലമനുഷ്യരായാണ് പ്രത്യക്ഷപ്പെടുന്നത്.

**ചുരം കയറുകയാണ് ഇറങ്ങുകയാണ്**
**– അർഷാദ് ബത്തേരി**

കേരളത്തിലെ യുവ എഴുത്തുകാരിൽ പ്രമുഖനായ ശ്രീ.അർഷാദ് ബത്തേരി രചിച്ച ഈ പുസ്തകത്തിൽ അദ്ദേഹത്തിന്റെ ഓർമക്കുറിപ്പുകളാണ് ഏറെയും. വയനാടൻ ഗ്രാമീണജനതയുടെ ജീവിതങ്ങളാണ് ഇതിൽ പരാമർശിച്ചിരിക്കുന്നത്.

**ഭൂമി അളന്നെടുക്കുന്നതിലെ വൈഷമ്യങ്ങൾ**
**– ഹാരിസ് നെന്മേനി**

യുവ എഴുത്തുകാരനായ ഹാരിസ് നെന്മേനി രചിച്ച ഈ കൃതി കുഞ്ഞുണ്ണി മാസ്റ്റർ പുസ്കാരം നേടിയിട്ടുണ്ട്. മനോഹരമായ കഥകളാണ് പുസ്തകത്തിലുള്ളത്.

**ഗോത്രതാളം**
**എം.ജി.അജയൻ**

വയനാട്ടിലെ ആദിമഗോത്രങ്ങളുടെ അനുഷ്ഠാനതുല്യമായ പാട്ടുകളും ചൊല്ലുകളുമാണ് ഈ കൃതിയിലുള്ളത്.

**ചുവപ്പ് പട്ടയം തേടി**
**–മൈന ഉമൈബാൻ**

എടക്കൽ ഗുഹയുടെ  പശ്ചാത്തലത്തിൽ വയനാടൻ പ്രകൃതിയേയും പ്രകൃതിയുടെ നിഗൂഢരഹസ്യങ്ങളെയും അനാവരണം ചെയ്യുന്നതാണ് ഈ കൃതി.

**ഡോക്ടറേ ഒരു സംശയം**
**–ഡോ.പി.ബി.സനോജ്**

വയനാട്ടിലെ ഒരു ദന്തഡോക്ടറും എഴുത്തുകാരനുമായ ഡോ.പി.ബി.സനോജ്, തന്റെ പ്രവർത്തനമേഖലയുമായി ബന്ധപ്പെടുത്തി രസകരമായി രചിച്ച പുസ്തകമാണിത്.

**മൗനം ഉണ്ടാകുന്നത്**
**–ഷാജി പുൽപ്പള്ളി**

കണിയാമ്പറ്റ ഗവ.ഹൈസ്കൂൾ അധ്യാപകനായ ശ്രീ.ഷാജി പുൽപ്പള്ളി രചിച്ച കഥകളുടെ സമാഹാരമാണ് മൗനം ഉണ്ടാകുന്നത്.

**ഓർമയിലൊളിപ്പിച്ച മറവികൾ**
**–പ്രീത ജെ.പ്രിയദർശിനി**

ചീരാൽ ഗവ.ഹയർസെക്കന്ററി സ്കൂളിലെ അധ്യാപികയായ ശ്രീമതി പ്രീത ജെ.പ്രിയദർശിനിയുടെ കവിതകളുടെ സമാഹാരമാണിത്.

**ഒന്നൊഴുകണമെന്നുണ്ട്**
**–ടി.വി.വിനീഷ്**

എസ്.സി.ഇ.ആർ.ടിയിലുള്ള അധ്യാപകനായ ശ്രീ.ടി.വി.വിനീഷ് എഴുതിയ കവിതകളുടെ സമാഹാരമാണ് ഒന്നൊഴുകണമെന്നുണ്ട്. പ്രകൃതിയോട് ചേർന്നു നിൽക്കുന്ന കവിതകളെ നമുക്ക് ഈ പുസ്തകത്തിൽ വായിച്ചറിയാം.



# വയനാടൻ വിസ്മയങ്ങൾ

*വയനാട് – മഞ്ഞുപാളികൾക്കിടയിലെ ഹരിതഭൂപടം!
ഗോത്രജനത ശിലകളിലെഴുതിയ സംസ്കൃതികളുടെ പുണ്യഭൂമി!
പച്ചപ്പരവതാനി വിരിച്ച, നൂറ്റാണ്ടുകൾ പഴക്കമുള്ള വയലുകൾ..
കൃത്രിമത്വങ്ങളുടെ കലർപ്പില്ലാതെ, വിനോദ സഞ്ചാരികൾക്ക്
ആസ്വദിക്കാവുന്ന ഇടങ്ങളാണ് വയനാട്ടിലുള്ളത്.*

## വയനാടൻ ചുരം



വളഞ്ഞും പുളഞ്ഞും മലനിരകളെ പുണരുന്ന ചുരം കയറി
വേണം
വയനാട്ടിലെത്താൻ. ചുരത്തിന്റെ ഭംഗി ആസ്വദിക്കാൻ വ്യൂ
പോയിന്റും ഒരുക്കിയിട്ടുണ്ട്.

## ചങ്ങലമരം



ചുരം കയറി ലക്കിടിയിലെത്തിയാൽ ചങ്ങലമരം കാണാം. കരിന്തണ്ടൻ എന്ന ആദിവാസി യുവാവിന്റെ ഐതിഹ്യവുമായി ബന്ധപ്പെട്ടതാണ് ചങ്ങലമരം. വയനാട്ടിലേക്ക്

ബ്രിട്ടീഷുകാർക്ക് മലമുകളിലൂടെയുള്ള വഴി കാണിച്ചു കൊടുത്ത കരിന്തണ്ടനെ അവർതന്നെ കൊന്നു കളഞ്ഞെന്നും പിന്നീട് ആ വഴിയേ പോകുന്ന വാഹനങ്ങളെ ആക്രമിച്ച് പ്രതികാരം ചെയ്യാൻ തുടങ്ങിയ കരിന്തണ്ടന്റെ ആത്മാവിനെ ചങ്ങലയിൽ ആവാഹിച്ചു എന്നുമാണ് കഥ.

**സൂചിപ്പാറ വെള്ളച്ചാട്ടം**

വെള്ളാർമലയ്ക്കടുത്ത് മൂന്ന് പാളികളായാണ് സൂചിപ്പാറ വെള്ളച്ചാട്ടം കാണുന്നത്. വനത്താൽ ചുറ്റപ്പെട്ട പ്രദേശത്തുള്ള വെള്ളച്ചാട്ടം അതിമനോഹരമാണ്.



**മീൻമുട്ടി വെള്ളച്ചാട്ടം**

കൽപ്പറ്റയിൽ നിന്ന് 29 കി.മീ. മാറി സ്ഥിതി ചെയ്യുന്ന ഈ വെള്ളച്ചാട്ടത്തിന് 300 മീറ്റർ ഉയരമുണ്ട്. ഈ വെള്ളച്ചാട്ടത്തിനടുത്തെത്താൻ 2 കി.മീ. കാടിലൂടെ ട്രക്കിങ് നടത്താനാകും.

**കുറുവാദ്വീപ്**



കേരളത്തിൽ കിഴക്കോട്ടൊഴുകുന്ന നദികളിലൊന്നായ കബനീ നദിയുടെ മധ്യത്തിലായാണ് കുറുവാദ്വീപ്. ഔഷധസസ്യങ്ങളുടെ കലവറയായ ദ്വീപിലേക്കെത്താൻ ബോട്ടിങ്, റാഫ്റ്റിങ് സംവിധാനങ്ങൾ ഉപയോഗിക്കാം.

**ചെമ്പ്ര കൊടുമുടി**



വയനാട്ടിലെ ഏറ്റവും ഉയരമുള്ള ചെമ്പ്ര കൊടുമുടിക്ക് 2100 മീറ്ററാണ് ഉയരം. മല കയറി മുകളിലെത്തിയാൽ ഹൃദയത്തിന്റെ ആകൃതിയിലുള്ള തടാകം കാണാം. അതിമനോഹരമായ പ്രകൃതി ദൃശ്യമാണ് ചെമ്പ്ര കൊടുമുടി.


**എടക്കൽ ഗുഹ**

പശ്ചിമഘട്ടത്തിന്റെ ഭാഗമായുള്ള അമ്പുകുത്തിമലയിൽ സ്ഥിതി ചെയ്യുന്ന ഗുഹയാണിത്. ക്രിസ്തുവിന് മുമ്പ് 10,000 മുതൽ 4000 വർഷം വരെ പഴക്കമുള്ള

ചിത്രങ്ങൾ ഗുഹയിൽ കാണാം. എടക്കൽ ഗുഹാപരിസരത്തു നിന്നും ശിലായുഗകാലത്തെ ആയുധങ്ങൾകണ്ടെത്തിയിട്ടുണ്ട്.



**ഫാന്റം റോക്ക്**



മീനങ്ങാടിക്കടുത്ത് കുമ്പളേരിയിലാ തലയോട്ടിയുടെ ആകൃതിയിൽ കാണപ്പെടുന്ന ഫാന്റം റോക്ക്. ടക്കിങ് സൗകര്യവും ഇവിടെയുണ്ട്.

**സുൽത്താൻ ബത്തേരിയിലെ ജൈനക്ഷേത്രം**



പതിമൂന്നാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ജൈനക്ഷേത്രം ബത്തേരിയില പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. ടിപ്പുവിന്റെ പടയോട്ട കാലത്ത് ഈ ക്ഷേത്രം ആയുധപ്പുരയായി ഉപയോഗിച്ചു വന്നിരുന്നു.

**പൂക്കോട് തടാകം**



അതിമനോഹരമായ തടാകത്തിൽ ബോട്ടിങ് നടത്താം. വനത്താൽ ചുറ്റപ്പെട്ട പ്രദേശത്താണ് ഈ തടാകംമേൽപ്പറഞ്ഞ സ്ഥലങ്ങൾ കൂടാതെ നിരവധി ചരിത്രപ്രധാനമായതും ടൂറിസ്റ്റ് കേന്ദ്രങ്ങളായതുമായ സ്ഥലങ്ങൾ വയനാട്ടിലുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള തിരുനെല്ലി ക്ഷേത്രവും മാനന്തവാടിയിലെ പഴശ്ശികുടീരവുമെല്ലാം അക്കൂട്ടത്തിൽ പെടുന്നു.

# വെന്തെരിഞ്ഞ സ്വപ്നങ്ങൾ

കഥ

കൃഷ്ണപ്രിയ.സി.ആർ



ആ ദിവസത്തെ സുന്ദര കാഴ്ചകൾ വീക്ഷിക്കുന്നതിനായി സൂര്യൻ മേഘങ്ങളെ തട്ടിമാറ്റി മുന്നോട്ടു വന്നു. ഭൂമിയിലെങ്ങും സൂര്യപ്രകാശം പരന്നു തുടങ്ങി. മത്സ്യങ്ങൾ വെള്ളത്തിനു മുകളിലേക്ക് വന്നു. ഈ അവസരത്തിനായി  രാവിലെ മുതൽ കാത്തിരിക്കുകയായിരുന്ന നീലപ്പൊൻമാൻ ഒട്ടും താമസിക്കാതെ താഴേക്കു പറന്നു വന്ന് നീന്തിക്കളിക്കുന്നതിൽ ഒരു മൽസ്യത്തെ കൊത്തിയെടുത്ത് തിരിച്ച് മരത്തിലേക്കു പറന്നു. അപ്പുറത്തെ മാവിൻ കൊമ്പിലിരുന്ന് ബുൾബുൾ ചിലച്ചു. തൊട്ടടുത്ത് മഹാഗണി മരത്തിന്റെ കൊമ്പിലിരുന്ന് പെൺകിളി മറുപടി പറഞ്ഞു. അവരിരുവരും രാവിലെത്തന്നെ കൂട്ടുകൂട്ടാൻ ഒരിടം തേടിപ്പോവുകയായിരുന്നു. അങ്ങനെ അനുയോജ്യമായ ഒരിടം  കണ്ടെത്തി. സ്വർഗം പോലൊരിടം. ഒരു വലിയ കാട്. വലിയവൃക്ഷലതാദികളും കുറ്റിച്ചെടികളും മറ്റനവധി സസ്യജാലങ്ങളും സമൃദ്ധമായി വളർന്നിരുന്ന ഒരിടം.

ഉറുമ്പും പഴുതാരയും മുതൽ വലിയ ആനകളും കടുവകളുമടങ്ങുന്ന കാട്. കാടിനു മധ്യേ ഒരു വലിയ പുഴ. അതിലൂടെ തെളിനീരൊഴുകുന്നു. നീലാകാശത്തിന്റെയും കത്തിജ്ജ്വലിക്കുന്ന സൂര്യന്റെയും പ്രതിബിംബം വെള്ളത്തിൽ വ്യക്തമായി കാണാം.

വള്ളിപ്പടർപ്പുകളിലെ നീലയും ചുവപ്പും പൂക്കൾ കാടിനെ അലങ്കരിക്കുന്നു. ഇത്രയും പ്രകൃതി സൗന്ദര്യമാർന്ന ഒരിടത്തെ സ്വർഗ്ഗം എന്നു പറയുന്നതിൽ എന്താണു തെറ്റ്?

പുഴയോടടുത്ത ഒരു ചെറിയ കുറ്റിച്ചെടിയുടെ ഇലകൾക്കിടയിലൂടെ അവർ രണ്ടുപേരും ഉള്ളിലേക്കു കയറി. ധാരാളം ശാഖകളുള്ളതിനാൽ ആ ചെടി അവർക്കു കൂടുകൂട്ടാൻ അനുയോജ്യമായിരുന്നു.

നാരും പഞ്ഞിയുമുപയോഗിച്ച് അവർ സുന്ദരമായ ഒരു കൂടു നിർമിച്ചു. ആ കൂട്ടിൽ പെൺകിളി ഭംഗിയുള്ള രണ്ടു മുട്ടകളിട്ടു. മൃദുലമായ ആ മുട്ടകളെ അവർ നന്നായി പരിപാലിച്ചു.

കുറച്ചു ദിവസങ്ങൾ കടന്നു പോയി. ഒരു സുപ്രഭാതം. പെൺകിളി മുട്ടകൾക്ക് അടയിരിക്കുകയായിരുന്നു. തന്റെ ഓമനകളായ കുഞ്ഞുങ്ങളെക്കുറിച്ചുള്ള സ്വപ്നങ്ങൾക്കിടയിൽ ആൺകിളി പെൺകിളിയെ ഉണർത്തി.

പെട്ടെന്ന് പെൺകിളി പറഞ്ഞു.

"നമ്മുടെ പൊന്നോമനകളായ മക്കളെ വാനോളം ഉയരത്തിൽ പറക്കാൻ പഠിപ്പിക്കണം. അവരെ പുതുതലമുറയുടെ മാതൃകയാക്കി മാറ്റണം."

"നീ പേടിക്കണ്ട ഇങ്ങോട്ട് ആ ക്രൂരരായ മനുഷ്യരൊന്നും ഇനി വരില്ല. ഇതിനു മുമ്പുണ്ടായിരുന്ന ആ കാട് മനുഷ്യരല്ലേ വേരോടേ നശിപ്പിച്ചത്. അങ്ങനെയൊന്നും ഇനി സംഭവിക്കില്ല. ദൈവം നമ്മുടെ കൂടെ ഉണ്ടാവും."ആൺകിളി പറഞ്ഞു.

അതു പറഞ്ഞപ്പോഴേക്കും തന്റെ ആദ്യത്തെ കുഞ്ഞുങ്ങളെയോർത്ത് അവളുടെ കണ്ണു നിറഞ്ഞു.

സമയം ആരെയും കാത്തു നിന്നില്ല. മണിക്കൂറുകൾ ദിവസങ്ങളായും ദിവസങ്ങൾ ആഴ്ച്ചകളായും കടന്നുപോയി.

അങ്ങനെ, അവരുടെ സ്വപ്നങ്ങളെ പൂവണിയിച്ചു കൊണ്ട് ആ മുട്ടകൾ വിരിഞ്ഞു. രണ്ട് ഓമന കുഞ്ഞുങ്ങൾ. അവരിരുവരും കുഞ്ഞുങ്ങൾക്ക് തീറ്റ നൽകി. കുഞ്ഞുകിളികൾക്ക് തൂവലുകൾ വരാൻ തുടങ്ങി.

ഒരു വൈകുന്നേരം. വിശന്നു വലഞ്ഞു കരയുന്ന കുഞ്ഞുങ്ങൾക്ക് തീറ്റ തേടി കിളികൾ പോയി. കുറേ പറന്നകന്ന ശേഷം അവർ ഭക്ഷണം കണ്ടെത്തി. പെൺ കിളി താഴെ ഒരു ചെടിയെ ലക്ഷ്യമിട്ട് പറന്നു. അന്തരീക്ഷത്തിലെ സുഗന്ധത്തിൽ ലയിച്ചു നിൽക്കവെ ആൺകിളി അങ്ങകലെ കാട്ടുപൊന്തകൾക്കിടയിലൂടെ ഉയരുന്ന പുക കണ്ടു. അപകടം മനസ്സിലാക്കിയ അവരിരുവരും കൂടിനെ ലക്ഷ്യമിട്ടു പറന്നു. അവിടെ കണ്ട കാഴ്ചകൾ അവരെ ഭയപ്പെടുത്തി. തീയും പുകയും കാരണം കൂട്ടു കാണാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും അവർ മുന്നോട്ടു പോയി. കഷ്ടപ്പെട്ട് കൂടിനടുത്തെത്തിയ അവർ തകർന്നു പോയി. ആ ചെടിയുടെ ചില്ലകളും അവരുടെ കൂടും തീയിൽകത്തി നശിച്ചു.

എന്റെ കുഞ്ഞുങ്ങൾ..........


അവർ കരയാൻ തുടങ്ങി. പെട്ടെന്ന് പാഞ്ഞു വന്ന ഒരു കല്ല് ആൺകിളിയെ തട്ടി. വേദനയാൽ തീയിലേക്കു വീഴുന്ന ആൺകിളിയെ പെൺകിളിയ്ക്ക് യാതൊന്നും ചെയ്യാനായില്ല. തീയിൽ വെന്തെരിയുന്ന തന്റെ പ്രിയതമന്റെ കാഴ്ച്ച അവളെ തളർത്തി. അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒരു മഴ പോലെ തീയിലേക്കു വർഷിച്ചു കൊണ്ടിരുന്നു. ആ ക്രൂരരായ മനുഷ്യരുടെ അടുത്തേക്ക് അവൾ പറന്നു. എന്നിട്ട് ദേഷ്യവും സങ്കടവും കൊണ്ട് അവൾ അവരോട് എന്തൊക്കെയോ പറഞ്ഞു. കാട്ടു തീ കണ്ട് ആസ്വദിച്ചു ന്ൽക്കുന്ന ആ മനുഷ്യർക്ക് ആ കിളി ഒരു ശല്യമായി തോന്നി. അവരിലൊരാൾ നിലത്തു നിന്നും ഒരു കല്ലെടുത്ത് അവളെ എറിഞ്ഞു. കല്ല്അവളുടെ ദേഹത്തു തട്ടി. അവൾ തെറിച്ച് ഒരു മരത്തിന്റെ ശാഖയിൽ തങ്ങി നിന്നു. കല്ല് ദേഹത്തു തട്ടി അവളുടെ ചിറകൊടിഞ്ഞു. ചിറകിൽ നിന്നും രക്തം വാർന്നൊഴുകി. ഒന്നു പറക്കാൻ പോലും അവൾക്കു കഴിഞ്ഞില്ല. തീ മരത്തിലേക്ക്

ആളിക്കയറുന്നുണ്ട്. തന്റെ ജീവിതം കഴിയാറായെന്നു അവൾക്കു മനസ്സിലായി. മനുഷ്യരുടെ ക്രൂരതകൾക്കിരയായ ഓരോ ജീവജാലങ്ങളെയും തന്റെ കുഞ്ഞുങ്ങളെയും തന്റെ പ്രിയതമനേയും അവൾ ഓർത്തു. ആ സ്മരണകളെ മുഴുമിപ്പിക്കാതെ തീ ആ കൊമ്പിലും എത്തി.
ആ കൊച്ചു കിളിയുടെ ജീവനും സ്വപ്നങ്ങളും ആ തീയിൽ വെന്തെരിഞ്ഞു. സൂര്യൻ ആ കാഴ്ച്ച കണ്ടു നിൽക്കാനാകാതെ മേഘങ്ങൾക്കിടയിലേക്കു മറഞ്ഞു. അവിടെയൊക്കെ ഇരുട്ട് പരക്കുവാൻ തുടങ്ങി. ഒരുപാട് ജീവജാലങ്ങളും മരങ്ങളും കൊണ്ട് സമൃദ്ദമായ ആ കാടിന്റെ സ്ഥാനത്ത് അവശേഷിക്കുന്നത് കത്തിക്കരിഞ്ഞ മരക്കൊമ്പുകളും ചാരവും മാത്രം.
തെളിനീരൊഴുകിയിരുന്ന ആ പുഴയുടെ കാര്യം പറയാതിരിക്കുന്നതാണു ഭേദം.

# മഴ

കവിത

ആശ കെ. സി



ആകാശമിരുണ്ടു
മഴ വരുമെന്ന്  ഇടിമുഴക്കങ്ങൾ ചൊല്ലി
മഴ ത്തുള്ളിയായി ഭ്രൂമിയിൽ പതിഞ്ഞു
മഴ ത്തുള്ളിയായി ഭ്രൂമിയിൽ പതിഞ്ഞു
വരാന്തയിലിരുന്നു ഞാൻ മഴയെ നോക്കി
മഴയെന്നെയും നോക്കി .
ആലിപ്പഴങ്ങൾ വീണു തുടങ്ങി
ആലിപ്പഴം കൊണ്ട് മുറ്റം നിറഞ്ഞു
ആലിപ്പഴം പെറുക്കാൻ ഞാൻ മുറ്റത്തിറങ്ങി
മഴപോയ് മറഞ്ഞു
മാനം തെളിഞ്ഞു
ആലിപ്പഴങ്ങൾ മാഞ്ഞുപോയ്
എന്റെ സന്തോഷമെല്ലാം പോയ് മറഞ്ഞു
ഇനിയൊരു മഴ വന്നിരുന്നെങ്കിലെന്ന്
ഞാൻ ആശിച്ചു പോയ്
ഓർമയായി ആ മഴ മാഞ്ഞുപോയ്
എനിക്കിഷ്ടമാണ്  കുളിർമതോന്നിക്കും മഴയെ.

# എന്റെ പറമ്പ്

ഓർമക്കുറിപ്പ്

നിരവധി വൃക്ഷങ്ങളും പക്ഷികളും അണ്ണാറക്കണ്ണന്മാരും തെങ്ങിൻതോപ്പുകളുമെല്ലാമുള്ള പറമ്പുകൾ നമ്മുടെ ചുറ്റുപാടുകളിൽനിന്നും അപ്രത്യക്ഷ്യമായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത്,എന്റെ തറവാട്ടിലെ ഒരു ചെറിയ പറമ്പിനെക്കുറിച്ച് ഞാനോർക്കുകയാണ്. കഴിഞ്ഞ വർഷം 2019–ന് ജനുവരി –ഫെബ്രുവരി മാസങ്ങളിലാണ് ആ പറമ്പിൽ കാപ്പിത്തൈകൾ നടുന്നതിനായി അവിടുത്തെ മരങ്ങളെല്ലാം വെട്ടിമാറ്റിയത്. ആ ദിവസങ്ങളിൽ ഞാൻ വളരെ ദുഃഖിതയായിരുന്നു.

തെങ്ങും മാവും പ്ലാവും തേക്കും കുറ്റിച്ചെടികളുമെല്ലാം സമൃദ്ദമായി വളരുന്നതിനാൽ അണ്ണാറക്കണ്ണനും തത്തയും മൈനയും പാമ്പുകളമൊക്കെ അവിടെ സ്വതന്ത്ര്യമായി വസിച്ചിരുന്നു. താഴെ നിന്നു കൊണ്ട് നോക്കിയാൽ ആകാശം കാണില്ലായിരുന്നു. ഇടക്ക് ഞാനും പറമ്പിൽ പോവാറുണ്ടായിരുന്നു. എന്റെ ജോലി പക്ഷി നിരീക്ഷണമായിരുന്നു. കുറ്റിച്ചെടികളിലാണ് പ്രധാനമായും നോക്കുക. വേനൽക്കാലത്ത് ചിരട്ടയിലും മറ്റുംവെള്ളം നിറച്ച് മരക്കൊമ്പുകളിൽ വയ്ക്കുമായിരന്നു.

# "THE LAZY DONKEY"

Storey

Aswini CM

Ram was an egg seller. But ram's lazy donkey hated carrying the egg basket. So one day the donkey asked a rooster, how can I escape carrying the eggs?" The rooster thought for a while and replied: " there is away out. If you walk on two legs like we do, the eggs will fall from your back and break". Just then ram came in with the egg basket and mounted it on the donkey's back. And what did the donkey do?. He quickly stood on his legs. The egg basket fell down to the ground with a sound....

DOOM!!!

all the eggs broke and ram got very angry. He beat the donkey left and right. Whack! Whack! Whack! The donkey thought sadly, 'ouch! I should have done my work well

# ഓർമയിൽ ഒരു പഠനയാത്ര

യാത്രാ വിവരണം

ബിന്ദു കെ. എസ്

കഴിഞ്ഞവർഷം സ്കൂളിൽ നിന്ന് പഠനയാത്ര പോയത് കണ്ണൂരിലേക്ക് ആയിരുന്നു.
പറശ്ശിനിക്കടവ്, വിസ്മയ, സ്നേക്ക് പാർക്ക്, ബീച്ച്, സെന്റ് ആഞ്ചലോ കോട്ട എന്നിവിടങ്ങളിലാണ് ഞങ്ങൾ പോയത്. രാവിലെ അഞ്ച് മണിക്ക് യാത്ര തുടങ്ങിയ ഞങ്ങൾ ബസ്സിൽ പാട്ടു പാടിയും ഡാൻസ് കളിച്ചും അവിടെയെത്തുമ്പോൾ ഒൻപത്തു മണിയായി.



പ്രഭാത ഭക്ഷണത്തിന് ശേഷം ആദ്യമായ് ഞങ്ങൾ പറശ്ശിനിക്കടവിലേക്കാണ് പോയത്. അമ്പലത്തിന്റെ ഉള്ളിൽ കയറി പ്രാർത്ഥിച്ചു. അവിടുത്തെ പുഴയിൽ കാലു കഴുകിട്ടാണ് ഞങ്ങൾ അമ്പലത്തിൽ കയറിയത്. പിന്നീട് വിസ്മയപാർക്കിൽ പോയി. അവിടെ  ഞങ്ങൾ കുറെ നേരം സമയം ചിലവഴിച്ചു. ഞങ്ങൾ വസ്ത്രം മാറ്റിയതിനു ശേഷം അവടെ നിന്ന് ഭക്ഷണം

കഴിച്ചു. പിന്നീട് ഞങ്ങൾ പയ്യാമ്പലം ബീച്ചിലേക്ക് പോയി. കുറെ നേരം ഞങ്ങൾ അവിടെ കളിച്ചു. സമയമായപ്പോൾ ഞങ്ങൾ രാത്രി ഭക്ഷണം കഴിച്ച് ബസ്സിൽ കയറി സ്കൂളിലേക്ക് തിരിച്ചു വന്നു. വളരെ രസകരമായിരുന്നു ഞങ്ങളുടെ യാത്ര. എനിക്ക് മറക്കാനാവാത്ത ദിവസമായിരുന്നു ആ ദിവസം.

# മരം ഒരു വരം

കഥ

അനഘ . എം . റ്റി


ഒരിടത്ത് ഒരു തേന്മാവുണ്ടായിരുന്നു. അതിൽ രണ്ട് കുരങ്ങന്മാരുണ്ടായിരുന്നു. അവരുടെ പേര് കിച്ചുവും അപ്പുവും എന്നായിരുന്നു. രണ്ടു പേരും കൂട്ടുകാരായിരുന്നു. ആ തേന്മാവ് ഒരു പുഴയിലേക്ക് ചാഞ്ഞുനിൽക്കുന്നതായിരുന്നു. തേന്മാവിലെ പഴുത്ത മാങ്ങകൾ കിച്ചുവും അപ്പുവും തിന്നുമ്പോൾ അപ്പു കുരങ്ങ് തിന്നു കഴിഞ്ഞ മാങ്ങക്കുരുക്കൾ പുഴ തീരത്തേക്ക് ഇടുകയും കിച്ചു കുരങ്ങ് മാങ്ങ കുരുക്കൾ വെള്ളത്തിൽ ഒഴുക്കി കളയുകയും ചെയ്തു. ഒരു ദിവസം കനത്ത മഴയും കാറ്റും വന്നപ്പോൾ പുഴയിലേക്ക് മറിഞ്ഞു വീണു.കിച്ചുവിനും അപ്പുവിനും സങ്കടമായി. അപ്പോൾ കിച്ചു കുരങ്ങ് പറഞ്ഞു അന്ന് നീ ആ കുരുകൾ പുഴയുടെ തീരങ്ങളിൽ ഇട്ടതുകൊണ്ട് ഇന്ന് നമുക്ക് ധാരാളം മരങ്ങൾ ലഭിച്ചു. അത് കേട്ടപ്പോൾ അപ്പുവിന് സന്തോഷമായി.

# തണൽ

കവിത

ആഷ്‌വിൻ . പി . എസ്

കൂട്ടുകാരെ വന്നീടുക
മരമൊന്ന് നട്ടിടാം
മരമൊന്ന് നട്ടുവെന്നാൽ
മരമെന്ത് നൽകിടും
നല്ല തണൽ നൽകിടും
നല്ല പൂക്കൾ തന്നിടും
നല്ല ഫലം തന്നിടും
നല്ല വായു തന്നിടും
മണ്ണൊലിപ്പ് നിന്നിടും
ഭൂമി നല്ലതായിടും
നല്ല വായു , നല്ല മണ്ണ്
നൽകിടുമീ മാമരം



# പറക്കുന്ന തവള

കഥ

ഐശ്വര്യ

പണ്ട് പണ്ട് ഒരു തടാകത്തിൽ കുറേ വാത്തകൾ പാർത്തിരിന്നു. മഞ്ഞുകാലം വരാറായപ്പോൾ മറ്റൊരിടം തേടി പോകാൻ തീരുമാനിച്ചു. ഈ വിവരം അറിഞ്ഞ തവള അവരെ സമീപിച്ചു. എന്നിട്ട് അവരോട് ചോദിച്ചു നിങ്ങളുടെ കൂടെ ഞാനും വരട്ടെയെന്ന്. പക്ഷേ അവർ പറഞ്ഞു പറക്കാൻ കഴിയാത്ത നീ എങ്ങനെ ഞങ്ങളുടെ കൂടെ വരും. അപ്പോൾ തവള –ഞാൻ ഒരു വഴി പറയാം ഞാൻ ഒരു വടി കടിച്ചു പിടിക്കാം ,നിങ്ങൾ രണ്ടറ്റത്തും കടിച്ചു പിടിക്കണം . വാത്തകൾ പറഞ്ഞു നല്ല ബുദ്ധിയുള്ള തവള. അങ്ങനെ അവർ പറക്കാൻ തുടങ്ങി. പറന്ന് പറന്ന് നഗരത്തിനു മുകളിൽ എത്തിയപ്പോൾ കുറെ ജനങ്ങൾ താഴെയുണ്ടായിരുന്നു
ഇവരെ കണ്ടപ്പോൾ ആളുകൾ പിറുപിറുക്കാൻ തുടങ്ങി നല്ല ബുദ്ധിയുള്ള വാത്തകൾ. ഇത് തവള കേട്ടു. ഇത് തവളയ്ക്ക് ഇഷ്ടപ്പെട്ടില്ല. അവരോടു മറുപടി പറയാൻ വായ തുറന്ന തവള . ഇതാ താഴെ!

# കാത്തിരുന്ന കാഴ്ച

കഥ

സുവർണ.സി.

ചുക്......ചുക്......ചുക്......മഞ്ഞുമൂടിയ ട്രാക്കിലൂടെ ഫ്രണ്ട്സ് എക്സ്പ്രസ് തീവണ്ടികുതിച്ചുവന്നു. പതുക്കെ പതുക്കെ മഞ്ഞ് മാഞ്ഞു പോയി. ഇപ്പോൾ തീവണ്ടി ഒരു പുൽമേട്ടിലൂടെ മെല്ലെ പോവുകയാണ്. പച്ച നിറത്തിലുള്ള വെയിലേറ്റ് വെട്ടിത്തിളങ്ങി. അവിടെ ഒരു കുളം ഉണ്ട് . അതിൽ ഒരു താറാവും കുഞ്ഞുങ്ങളും നീന്തുന്നുണ്ടായിരുന്നു. അവിടമാകെ ചെടികൾ പൂത്തുനിന്നു. പൂമരങ്ങൾപലനിറത്തിലുള്ള പൂക്കൾ അണിഞ്ഞുകൊണ്ട് ആ പുൽമേടിന് കാവലായി നിൽപ്പുണ്ടായിരുന്നു. മിന്നു എന്ന കുട്ടി ഈ കാഴ്ചകളെല്ലാം കണ്ടുകൊണ്ട് തീവണ്ടിയിൽ ഇരിക്കുന്നുണ്ടായിരുന്നു. അവധിക്കാലമാണ്. ദൂരെയുള്ള ബന്ധുവീട്ടിലേക്ക് പോവുകയാണ്. മിന്നുവും കുടുംബവും അവധികഴിഞ്ഞ് അതേ തീവണ്ടിയിൽ നാട്ടിലേക്ക് വരികയാണ്. മിന്നു വളരെ സന്തോഷവതിയാണ്. കാരണം, ആ കാഴ്ചകളെല്ലാം കാണാം. പക്ഷേ ആ സ്ഥലത്തെത്തിയപ്പോൾ മിന്നു ഞെട്ടിപ്പോയി. അവിടേ പുൽമേട്ടുകളും പൂമരവും ഒന്നുമില്ല. പകരം ഒരു കൂറ്റൻ കെട്ടിടത്തിന്റെ പണി നടക്കുകയാണ്. വയലുകളെല്ലാം നശിച്ചു. മിന്നു കരഞ്ഞു പോയി

# കാട്

കഥ

അയന .റ്റി. കെ

ഒരു ദിവസം ഞാൻ അമ്മുവിന്റെ വീട്ടിലേക്ക് പോവാൻ തീരുമനിച്ചു . പക്ഷേ അമ്മുവിന്റെ വീട് ഒരു കാടിന്റെ സമീപത്തായാണ്. അവിടേക്ക് കാട്ടിലൂടെ ഒരു എളുപ്പവഴി ഉണ്ടെന്ന് അറിയാൻ കഴിഞ്ഞു. എന്നാൽ അതുവഴി തന്നെ പോകാം. ആ വനത്തിലൂടെ കുറെ ദൂരം സഞ്ചരിച്ചു . ഹായ്! അതാ ഒരു പുഴ. ആ പുഴയ്ക്കരുകിൽ ഒരു കൂട്ടം മാനുകൾ വെള്ളം കുടിക്കുന്നുണ്ടായിരുന്നു. അതു നോക്കി നിന്നു പോയി. അയ്യോ നേരം പോയതറിഞ്ഞില്ല. ഞാൻ വേഗം നടന്നു. അതാ ഒരു വീട്! വീട്ടുമുറ്റത്ത് രണ്ട് കുട്ടികൾ കളിക്കുന്നു. അത് അമ്മുവും അച്ചുവും ആണെന്ന് ഞാൻ ഉറപ്പിച്ചു. ഞാൻ ആ വീട്ടിലെത്തി. അവിടെ നിന്ന് അമ്മു എന്നെയും കൂട്ടി ഒരു കുളം കാണുവാൻ ചെന്നു. ആ കുളത്തിന്റെ ദയനീയമായ കാഴ്ച എന്നെ നടുക്കിപ്പോയി. ആ കുളം നിറയെ മാലിന്യങ്ങൾ നിറ ഞ്ഞിരിക്കുകയായിരുന്നു. മീനുകളെല്ലാം ചത്തൊടുങ്ങി. ഇന്നത്തെ ഈ പ്രകൃതിയുടെ ദയനീയമായ അവസ്ഥ എന്നെ വളരെയധികം വേദനിപ്പിക്കുന്നു.

# അമ്മയാണീ ഭൂമി

കവിത

ധന്യ അശേകൻ

സ്വർഗത്തിൽ ജീവിക്കു മനുഷ്യർ നാം
പുല്ലുണ്ട് പൂവുണ്ട് പുഴവുണ്ട്
കിളിയുണ്ട് സുന്ദരക്കാഴ്ചകള–
നേകമുണ്ട്. ഓർക്കു മനുഷ്യരെ
നമുക്കുണ്ട് സ്വർഗം ഭൂമിയെന്നുള്ളതാം
നമ്മുടെ സ്വപ്നം. ജീവനതുൾ–
ചെയ്യും നമ്മളുടെ സ്വർഗം.
ഈ ഭൂമി നമ്മുടെ അമ്മയല്ലേ..
ജീവനതുൾ ചെയ്യും അമ്മയല്ലേ..
ഭൂമി നമുക്കുള്ളതാണെന്ന ചിന്ത എന്നും
പാഴായ്മറയും,
നാം ഭൂമിക്കു സ്വന്തം.



# പഴഞ്ചൊല്ലുകൾ

ജീസൺ ദേവസ്യ

* ചെറിയ കാരണം പറയലാണ് ഒന്നും പറയാതിരിക്കുന്നതിലും ഭേദം
* ചത്ത കഴുതക്ക് ചെന്നായകളെ പേടിയില്ല
* നിറകുടം തുളുമ്പുകയില്ല
* ശരിയായ മനുഷ്യന് ആയുധം വേണ്ട
* കിണറ്റിലെ കല്ല് ഒരിക്കലും നഷ്ടപ്പെടുകയില്ല
* അന്ധന്റെ ഭാര്യക്ക് നിറം ആവശ്യമില്ല
* സാധനഭ്രഷണം അകൗശല ലക്ഷണം
* ഒരു കുറുക്കനും രണ്ട് പ്രാവശ്യം ഒരേ കെണിയിൽ വീഴില്ല
* ചെറിയ തുള്ളികളാണ് വലിയ മഹാസമുദ്രങ്ങൾ സൃഷ്ടിക്കുന്നത്

# മാരുതൻ

കവിത

**അമൃത എം റ്റി**

ഇലകൾ  ഇളകുന്നു കാടിനരുവികളിൽ
സ്വരമഴപോലെ നൃത്തമാടുന്നു .
ഈ ഇളം കാറ്റിൻ സൗന്ദര്യത്തിൽ

പ്രപഞ്ചം ഒന്നായി ഇളക്കി മറയുമീ
സൗന്ദര്യത്തിൽ  വീചിയിൽ

സൗന്ദര്യം  കനിയുമീ ലോകമേ നമസ്കാരം
നിന്നുടെ മടിയിലുറങ്ങുമീ
നന്മയെ വണങ്ങുന്നു ഞാൻ



# സിംഹരാജാവിന്റെ പിറന്നാൾ

തോനിമലയിലെ സിംഹരാജാവിനെ കാട്ടിലുള്ള എല്ലാ ജീവികൾക്കും വളരെ ഇഷ്ടമാണ്. ഒരിക്കൽ എല്ലാ മൃഗങ്ങളും ഒത്തുകൂടി . സിംഹരാജാവിന്റെ പിറന്നാൾ ആഘോഷിക്കാന് തീരുമാനിച്ചു. ഓരോരുത്തരും ഓരോ ചുമതലകൾ ഏറ്റെടുത്തു. ആഘോഷങ്ങളോടൊപ്പം സദ്യയും ഉണ്ടാക്കാൻ തീരുമാനിച്ചു. പായസമുണ്ടാക്കാനുള്ള ചുമതല കിട്ടുമുയലും മോട്ടുകുരങ്ങനുമായിരുന്നു. ക്ട്ടുവും മോട്ടുവും പായസമുമ്ടാക്കാനുള്ള ശ്രമം തുടങ്ങി. പായസത്തിനുവേണ്ട എല്ലാ സാധനങ്ങളും ചേർത്തു. പക്ഷേ , പായസത്തിൽ മധുരം മാത്രം ഇട്ടില്ല . സിംഹരാജാവിന് പായസം കൊണ്ടുകൊടുത്തു. പായസം കുടിച്ചപ്പോൾ മധുരമില്ല. സിംഹരാജാവിന് ദേശ്യം വന്നു. രാജാവ് ആപായസമെല്ലാം തട്ടിത്തെറിപ്പിച്ചു. പിന്നെ ഒരിക്കലും അവർ പായസമുണ്ടാക്കിയില്ല.

# Proverbs

Jeason Devassia

- * A golden key opens all door
- * A garland in the monkey's hand
- * A good friend shortens the longest road
- * A liar is not believed even he speaks the truth
- * Habit is second nature
- * He that falls in to a sin is a man, that grieves at it a saint that boast of it is a devil
- * Don't carry carts to the sea or boats to the hill
- * Dog does not bite dog
- * Do right and fear no man

# THE SUPER HEROES IN THE

# OCEAN HUMANITY

Essay

Adithya TG

We sawthe big flood in kerala in 2018-19. So many Peoples died and had elief camp in that flood. So many houses, buildings are crashed in that days.
We see the big landslides in Puthumala . Many peoples died and some dead bodies don't find out.
Before the flood Puthumala was very beautiful place. The landslide crashed it. After the flood the schools ,temples etc are crashed. We cannot forget the bad situation of the Puthumala .
We can not forget the brave deeds of fishermen, the soldiers of kerala, was facing the flood disaster. they proved to be real heroes , rescuing and saving many lives. The empathetic attitude of the fisherman saved many lives



Their ability to ride boats , swimming skills, humanity, courage are the various factors that helped the fisherman to become the saviours of flood victims. Before the flood we didn't give importance to fishermen. But after the flood we understand importance of them
 Our cruel activities to nature made flood . So we can stop our cruel deeds and grow up humanity, kindness in our mind.



## എഡിറ്റോറിയൽ ബോർഡ്

കൃഷ്ണപ്രിയ . സി .ആർ

ആശ . കെ .സി

ജീസൺ ദേവസ്യ

ആഷ്‌വിൻ . പി . എസ്

അഭിലാഷ് . കെ .ജി

ധന്യ അശോകൻ

അഭിനന്ദ് .റ്റി. ബി

നന്ദി......

സൃഷ്ടികൾ തന്ന സഹായിച്ചവർക്ക്....

അണിയറയിൽ പ്രവർത്തിച്ചവർക്ക്....

നിർദ്ദേശങ്ങളും പിന്തുണയും നൽകിയവർക്ക്.....

നന്ദി.